ഉത്തരം

(എ) ഉണ്ട്.

(ബി) ഫെബ്രുവരി 24-ാം തീയതിയാണ് റവന്യൂദിനമായി നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി റവന്യൂഓഫീസുകൾവഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും ജീവനക്കാരുടെ ഉത്സാഹം ഉണർത്തുന്നതിനുമായി സംസ്ഥാനത്തെ ഓരോ ജില്ലയിലെയും മികച്ച ഡെപ്യൂട്ടി കളക്ടർ, മികച്ച തഹസീൽദാർ, മികച്ച സേവനം കാഴ്ചവെയ്ക്കുന്ന മൂന്ന് വില്ലേജാഫീസർമാർ എന്നിവരെ തെരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകുകയുണ്ടായി. കൂടാതെ സംസ്ഥാനത്ത് ഏറ്റവും സ്തുത്യർഹവും പ്രശംസനീയവുമായ സേവനം കാഴ്ചവെച്ച ജില്ലാ കളക്ടർക്കും അന്നേദിവസം പുരസ്കാരം നൽകുകയുണ്ടായി. സർവ്വേ വകുപ്പിലെ മികച്ച ഉദ്യോഗസ്ഥർക്കും ടി ദിനത്തിൽ പുരസ്കാരങ്ങൾ നൽകിയിട്ടുണ്ട്.

(സി) റവന്യൂദിനാചരണവുമായി ബന്ധപ്പെട്ട് വകുപ്പിലെ എല്ലാ തലത്തിലുമുള്ള ജീവനക്കാർക്കും അവരുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി പുരസ്കാരങ്ങൾ നൽകിവരുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം പൊതു ജനങ്ങൾക്ക് പ്രദാനം ചെയ്യാൻ ജീവനക്കാർക്ക് പ്രേരകമാകും. അതുമൂലം പൊതുജനങ്ങൾക്ക് വേഗത്തിലും കാര്യക്ഷമവുമായ സേവനം ലഭിക്കുന്നതാണ്.

(ഡി) റവന്യൂവകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിന്മേലുള്ള സെമിനാറുകളും ദുരന്തനിവാരണ-ലഘൂകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഏകോപനത്തിനുമുതകുന്ന ശിൽപ്പശാലകളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ലാന്റ് അക്വിസിഷൻ ചാർജ് ഇനത്തിലെ കടിശ്ശിക

146(3068) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലാന്റ് അക്വിസിഷൻ ചാർജ് ഇനത്തിൽ കുടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാധ്യത ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ലാന്റ് അക്വിസിഷൻ ചാർജ് ഇനത്തിൽ കുടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാധ്യത ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

1	തിരുവനന്തപുരം	682,71,53,837.00
2	കൊല്ലം	22,73,05,152.00
3	പത്തനംതിട്ട	9,83,81,137.00
4	ആലപ്പുഴ	7,24,00,000.00
5	കോട്ടയം	16,13,67,874.00
6	ഇടുക്കി	1,65,13,087.00
7	എറണാകുളം	112,55,03,348.00
8	തൃശ്ശൂർ	9,00,00,000.00
9	പാലക്കാട്	1,46,84,035.00
10	മലപ്പുറം	10,33,26,532.00
11	കോഴിക്കോട്	80,59,97,572.00
12	വയനാട്	ഇല്ല
13	കണ്ണൂർ	2,56,77,284.00
14	കാസർഗോഡ്	3,44,98,855.00
	ആകെ തുക	9,60,28,08,713.00